PUNNACKAL FINANCIAL SERVICES PTY LTD
Free Property Report | Free Consultation
For Free Consultation Please Contact Varghese Paulose 0421 430 068
Email : varghesepunnackal@gmail.com
HOME LOANS, REFINANCE, CONSTRUCTION LOANS, INVESTMENT LOANS

ARTICLES

അനുഭവക്കനലുകളുടെ ആഴങ്ങൾ

NOVEMBER 29, 2023



'നല്ല പുസ്തകങ്ങൾ വായിച്ച് അറിവ് നേടണം. അറിവില്ലെങ്കിൽ ആത്മാവില്ലാത്ത ശരീരമായി ഈ മണ്ണിൽ പുഴക്കളെപ്പോലെ വലിഞ്ഞു വലിഞ്ഞു മരണത്തിലെത്താം' ഈ വാക്കുകൾ കാരൂർ സോമന്റെ ആത്മകഥയായ 'കഥാകാരന്റെ കനൽ വഴികളി'ലുള്ളതാണ്. ഈ വാക്കുകൾക്ക് കാലഗന്ധിയായ അനുഭവസാക്ഷ്യങ്ങളുടെ ചൂടും ചൂരുമുണ്ട്. ഇത് ഒഴുകവാനാകാതെ തളം കെട്ടിക്കിടക്കുന്ന പുതിയ കാലത്ത് ഉണർവ്വിന്റെ വായ്ത്താരി മുഴക്കുന്ന അനുഭവപ്പൊരുളാണ്. ഇങ്ങനെ സമഗ്രസമ്പന്നമായ അനുഭവപരമ്പരകൾ കൊണ്ട് തുന്നിച്ചേർത്ത ആത്മകഥയാണിത്. ഞാനതിന്റെ അകവിതാനങ്ങളിലേക്ക് കടക്കുന്നില്ല. അതിലെ നേരിന്റെ ചൂട് വായിച്ച് തന്നെ അനുഭവിക്കേണ്ടതാണ്. ഈ ആത്മകഥ വായിച്ചു മടക്കുമ്പോൾ ഒരനുഭവം നമുക്ക് പിന്നാലെ വരും. അത് *ഞാനി*ല്ലാത്ത ഒരാത്മകഥയാണിത്. അതിലളിതമായി നിർവ്വചിച്ചാൽ ഒരു തരം ആത്മഭാഷണം. കാരൂർ ആത്മഭാഷയിൽ എഴുതിയ ഈ ജീവിതം നമ്മോട് നേരിട്ടു തന്നെയാണ് സംവദിക്കുന്നത്. ഈ സംവാദത്തിന്റെ ആഴപ്പരപ്പിലാണ് ചെറിയ ചെറിയ ദ്വീപുകൾ കൂടിയാണ്. ജീവിതസമുദ്രത്തിൽ ഒഴുകി നടക്കുന്ന ദ്വീപുകൾ കൂടിയാണ്. ജീവിതസമുദ്രത്തിൽ ഒഴുകി നടക്കുന്ന അനുഭവദ്വീപുകൾ എന്നു വേണമെങ്കിലും വിലയിരുത്താം. ഇങ്ങനെയെല്ലാം പതിവ് സാമ്പ്രദായിക ആത്മകഥാ സ്വരൂപങ്ങളെയെല്ലാം നിഷേധിച്ചുകൊണ്ട് ജീവിതത്തെ അതിന്റെ സമഗ്രതയിൽ അവതരിപ്പിക്കാനുള്ള ശ്രമമാണ് കാരൂർ നടത്തുന്നത്. ഇത് അപകടകരമായി ജീവിക്കുംപോലൊരു (To live dangerously) നിയോഗമാണ്. ഈ നിയോഗത്തെ ആത്മകഥാകാരൻ പുസ്തകാരംഭത്തിലെ 'രണ്ടുവാക്കി'ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതൊരു ഒറ്റവരിയിൽ പൂർത്തിയാകുന്ന ഒരു കവിതപോലെ ഹൃദ്യമാണ്. 'ഞാൻ അനുഭവിച്ചറിഞ്ഞ പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളാണ് ഈ രചനയിലുള്ളത്.' ഇത് നേരിന്റെ ശിരസ്സുയർത്തിപ്പിടിച്ച വാക്കുകളാണ്. കാരൂരിന്റെ രചനകളിലെല്ലാം ഈ നേരിന്റെ മുഴക്കങ്ങളുണ്ട്. ആ മുഴക്കങ്ങളുടെ തുടർച്ചകളാണ് കാരൂരിന്റെ കൃതികൾ; ഇപ്പോൾ ആത്മകഥയും.

*'കുടുംബപുരാണ'*ത്തിൽ നിന്നാരംഭിച്ച് *'പാപമില്ലാത്തവർ കല്ലെറിയട്ടെ'*യിൽ അവസാനിക്കുന്ന ആത്മകഥയാണിത്. ഇതിൽ പച്ചയായ മനുഷ്യാവസ്ഥയുടെ കതിർക്കനമുള്ള നേരുകളും കാലവുമായി ബന്ധപ്പെട്ട അസ്വസ്ഥതകളുമുണ്ട്. ഈ പാരസ്പര്യം ആഴത്തിൽ വേരോട്ടമുള്ള എഴുത്തുജീവിതത്തിന്റെ ആകെത്തുകയാണ്. ജീവിതവുമായി ബന്ധപ്പെട്ടതു മാത്രമല്ല, ജീവിതത്തെ ചേർത്തുപിടിക്കുന്നതെന്തും അത് സാംസ്കാരിക ജീവിതവുമായി അനുഭവവേദ്യമായതെല്ലാം കാരൂർ ഈ ആത്മകഥയിലേക്ക് കൊണ്ടു വരുന്നുണ്ട്. ഇത് നാം മറന്നുവച്ച ഒരു കാലഘട്ടത്തെ വീണ്ടെടുക്കുന്നതിന്റെ ഭാഗമാണ്. ലാറ്റിനമേരിക്കൻ ഇതിഹാസ എഴുത്തുകാരൻ ഗബ്രിയേൽ ഗാർസിയമാർക്വേസ് എഴുത്തുകാരന്റെ ഭൂതകാല സംസ്കാരത്തെ ആധികാരികമായി അടയാളപ്പെടുത്തിയിട്ടുണ്ട്. പത്ര പ്രവർത്തകനും സുഹൃത്തുമായ ജെറാൾഡ് മാർട്ടിനോട് മാർക്വേസ് മനസ്സു തുറക്കുമ്പോൾ നമുക്കിത് അനുഭവപ്പെടുക തന്നെ ചെയ്യും. മാർക്വേസ് പറയുന്നത് ഭൂതകാലം ചവുട്ടിക്കുഴച്ച മണ്ണിൽ നിന്നാണ് ഒരെഴു ത്തുകാരൻ രൂപം കൊള്ളുന്നത് എന്നാണ്. അവിടെ ഒരേ മണ്ണുകൊണ്ടും ഒരേ നിശ്വാസം കൊണ്ടും എന്നുള്ള അനുഭവത്തെ സ്വീകരിക്കേണ്ടതില്ല. ഇതിനർത്ഥം എല്ലാവരെയും സൃഷ്ടിച്ച ദൈവത്തിന്റെ സൃഷ്ടിയല്ല എഴുത്തുകാരൻ എന്നാണ്. അവന്റെ ഭൂതകാലമാണ് അതിനു മണ്ണൊരുക്കുന്നത്. അവൻ ജീവിച്ചുവന്ന കാലമാണ് അവന് ശ്വാസം നൽകുന്നത്. അങ്ങനെ എഴുത്തുകാരൻ ഈ മണ്ണിൽ നിന്ന് ഉയർന്നു വരികയാണ്. മാർക്വേസിന്റെ വാദം പൂർണ്ണാർത്ഥത്തിൽ സാരവത്താർന്ന ഒരനുഭവമാണ്. അത് കാരൂർസോമനും ബാധകമാണ്. കാരൂരിന്റെ ആത്മകഥ വായിക്കുമ്പോൾ മാർക്വേസ് പറഞ്ഞ അനുഭവം ആർജ്ജിതവ്യക്തിത്വത്തോടെ പ്രകാശിക്കുന്നതുകാണാം. സ്വന്തം ജീവിതാനുഭവങ്ങൾ ക്ഷതമേല്പിച്ച നേരുകളിൽ നിന്നാണ് ഈ എഴുത്തുകാരൻ സാഹിത്യത്തിലേക്ക് കടന്നുവരുന്നത്. ഇതദ്ദേഹം കാച്ചിക്കുറുക്കിയ കവിതയിലെന്നപോലെ ആത്മകഥയിൽ കുറഞ്ഞവാക്കുകളിൽ അവതരിപ്പിക്കുന്നുണ്ട്. അതു ബാല്യകാലം മുതലുള്ള ഓർമ്മകളിൽ അതിന്റെ സഞ്ചിത സംസ്കാരമുണ്ട്. അതെല്ലാം ഒരർത്ഥത്തിൽ തുറന്നെഴുത്തുകളാണ്. അവിടെ മറച്ചു വയ്ക്കാൻ കാരൂരിലെ എഴുത്തുകാരൻ സാഹസപ്പെടുന്നില്ലെന്ന് കാണാം. അതിനുകാരണം കാരൂർ സോമൻ സ്വതന്ത്രനായൊരു എഴുത്തുകാരനാണ്. മനുഷ്യ പക്ഷത്തു നിലയുറപ്പിച്ച എഴുത്തുകാരൻ അങ്ങനെയുള്ള ഓർമ്മകളിൽ സ്വാതന്ത്ര്യത്തിന്റെ പരമമായ അനുഭവകാണ്ഡങ്ങളും മനുഷ്യസംസ്കാരത്തിനോട് ഉൾച്ചേർന്ന വൈകാരികബോധവും ഉണ്ടാവുക സ്വാഭാവികമാണ്.

ഏഴാം കാസ്സിൽ പഠിക്കുമ്പോഴാണ് കാരൂർ സ്വന്തം നൊമ്പരങ്ങൾ ഒരു നോട്ടുബുക്കിൽ പകർത്താൻ തുടങ്ങുന്നത്. കാരൂർ എഴുതുന്ന *"അന്ന് കുത്തിക്കുറിച്ചതെല്ലാം കവിതയല്ലാത്ത, കവിയുടെ വരികളാണ്. ഇന്നും ഓർമ്മയിലുള്ള വരികൾ* 'ജനിച്ചുപോയി മനുഷ്യനായി എനിക്കുമിവിടെ ജീവിക്കേണം.' രണ്ടാമത്തെ വരിയിലെ ആശയദാർഢ്യമാണ് ഒരേഴാം ക്ലാസ്സിൽ നിന്ന് ഇന്നത്തെ കാരൂർസോമനിലേക്കുള്ള വളർച്ചയുടെ ഔന്നിത്യം. അത് ഒറ്റവാക്കിൽ അളെന്നെടുക്കാനാവില്ല. ആ ദൂരത്തിന്റെ നാഴികക്കല്ലുകളാണ് ജ്വാലാമുഖങ്ങളായി ഓരോ അദ്ധ്യായങ്ങളിലായി കടന്നു വരുന്നത്. മറ്റൊന്ന് ആത്മകഥയെഴുത്തിൽ കാരൂർ പാലിക്കുന്ന മിതത്വമാണ്. പല മുഹൂർത്തങ്ങളും അല്പം അതിശയോക്തിയും ഭാവനയും കലർത്തി വിശദീകരിക്കാമായിരുന്നിട്ടു കൂടി കാരൂരിലെ എഴുത്തുകാരന്റെ സത്യസന്ധത അതിനെ പൂർണ്ണാർത്ഥത്തിൽ ഒഴിവാക്കുകയാണ് ചെയ്യുന്നത്. അവിടെ ഒരു നിഷ്കാമകർമ്മിയുടെ ചുവടുറപ്പിച്ച തീരുമാനത്തിന്റെ മനോബലമാണ് കാരൂരിന്റെ കരുത്ത്. എന്നാൽ എഴുത്തിൽ കാണുന്ന ഭിന്നവൈകാരികപ്രകൃതിയുടെ തെളിഞ്ഞ ശേഷിപ്പ് ഈ ആത്മകഥയിൽ കണ്ടെത്താനാവില്ല. മാർക്വേസ് പറഞ്ഞതുപോലെ *'നിങ്ങൾ എത്രത്തോളം സത്യസന്ധനായിത്തീരുന്നോ അത്രത്തോളം കുറച്ചു വാക്കുകളെ നിങ്ങളെക്കുറിച്ച് നിങ്ങൾ എഴുതുമ്പോൾ ഉപയോഗിക്കാനാവുകയുള്ളൂ.* മാർക്വേസിന്റെ വാക്കുകൾ അക്ഷരംപ്രതി ശരിവയ്ക്കുന്ന സമീപനമാണ് കാരൂരിൻറെ ആത്മകഥ.

മറ്റൊന്ന് ആത്മകഥയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ പ്രത്യേകതയാണ്. ആ ഭാഷയ്ക്ക് മുന്നൊരുക്കങ്ങളോ ഉടുത്തുകെട്ടോ ഇല്ല. അത് കാര്യകാരണ ബന്ധങ്ങളിലൂടെയുള്ള, സുതാര്യമായ ഒരു വെളിപ്പെടലാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഭാവനാസിദ്ധിയോടുള്ള വെല്ലുവിളിയാണ്. അതിന് ഒരേകാലം അന്യതാബോധവും അതിനു സമശീർഷമായ സ്വാതന്ത്ര്യബോധവുമുണ്ട്. ഇതു രണ്ടും സമ്യക്കായിത്തീർന്ന ഭൗതിക പ്രപഞ്ചത്തെയാണ് കാരൂർ ഭാഷയിലൂടെ സൃഷ്ടിന്മുഖമാക്കിത്തീർക്കുന്നത്. ഈ അർത്ഥത്തിൽ ദാർശനികമായ ഒരു ഭാവതലത്തിലേക്ക് അനുഭവങ്ങൾ ഒഴുകിപ്പരക്കുന്നുണ്ട്. ഇത്തരം അനുഭവത്തിന്റെ അടിസ്ഥാന സ്വഭാവം ഏറെക്കുറെ കാരൂർ ഉപയോഗിച്ചിട്ടുള്ള ഭാഷയിൽ നിന്ന് വ്യക്തമാണ്. ഇതിനനുബന്ധമായി ചർച്ച ചെയ്യാവുന്ന ഒരനുഭവതലം, ആത്മകഥയിലെ നായകസ്ഥാനത്തു നിൽക്കുന്നത് കാരൂർസോമനാണെങ്കിലും അദ്ദേഹം ഒരായിരം മനുഷ്യരുടെ പ്രതിനിധിയാണ് പലപ്പോഴും അനുഭവപ്പെടുന്നത് എന്നാണ്. അങ്ങനെ സംഭവിക്കുന്നതിനു പിന്നിൽ ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ '*ഞാൻ* എന്നത് ഇല്ലാത്തതുകൊണ്ടാണ് '*ഞാൻ* ഇല്ലാതാവുന്നതോടെ '*ഞാൻ*'മായി ബന്ധപ്പെട്ട *'അവനവനിസം'* ഉൾപ്പെടെയുള്ള എല്ലാം റദ്ദ് ചെയ്യപ്പെടുന്നു. ഇത് വീരവ്യാമോഹങ്ങളില്ലാത്ത, ഒരു നാട്ടുമ്പുറത്തു ജനിച്ചുവളർന്ന ഒരു സംസ്കാരത്തിന്റെ ശേഷിപ്പാണ്. അതുകൊണ്ട് തന്നെ *'കഥാകാരന്റെ കനൽവഴികൾ'* വായിച്ചുമടക്കുമ്പോൾ പിന്നിട്ടവഴികളിൽ തെളിഞ്ഞു നിൽക്കുന്ന ഉജ്ജ്വലമുഹൂർത്തങ്ങളെ തന്നെ മനസിൽ ചിരപ്രതിഷ്ഠ നേടുന്നത്.

പലപ്പോഴും ആത്മകഥാ രചനാവേളയിൽ ഒരു പ്രതിസന്ധി തീർക്കുന്നത് എന്തെഴുതണം എന്തെഴുതണ്ട എന്നതിനെ സംബന്ധിച്ചാണ്. സത്യം പറയേണ്ട സന്ദർഭങ്ങളിൽ പരമാവധി ഒഴിഞ്ഞു നിൽക്കുക. അസത്യം പറയേണ്ടിടങ്ങളിൽ ധാരാളമായി അതു പറയുക. അതിനപ്പുറത്തേക്ക് പല ആത്മകഥകൾക്കും കടക്കാനാകാതെ വരുന്നത് നിത്യപാരായണങ്ങളിൽ നാം കാണുന്നുണ്ട്. എന്നാൽ തുല്യദുഃഖിതരും, നിസ്സഹായരുമായ ഒരു കൂട്ടംപേരുടെ പ്രതിനിധിയായി നിന്നുകൊണ്ട് ജീവിതം പകർത്തി വയ്ക്കുക എന്നത് വർത്തമാനകാലത്ത് അത്ര എളുപ്പം വഴങ്ങുന്ന ഒന്നല്ല. എന്നാൽ ഇതിനെയാണ് കാരൂർസോമൻ സധൈര്യം മറികടക്കുന്നത്. എന്നാൽ ഈ ജീവിതമെഴുത്തിൽ അസാധാരണത്വമൊന്നുമില്ല. എന്നാലിതിൽ ജീവിതം വെറുതെ പറഞ്ഞുപോകുകയുമല്ല. വിൽസൺ നെറ്റ്സ് പറഞ്ഞതു പോലെ *'വായനക്കാരന്റെ മനസ്സിനെ വിമലീകരിക്കുന്ന ഒരനുഭവമാകണം സ്വജീവിതം പകർത്തിവയ്ക്കുമ്പോൾ സംഭവിക്കേണ്ടത്.'* വിൽസൺ നൈറ്റ്സിന്റെ വാക്കുകൾ സഹൃദയ സാർത്ഥകമായ ഒരനുഭവത്തിലേക്കുള്ള ഒരു ദിശാസൂചിയാണ്. ഇത്തരമൊരു വിമലീകരണ പദ്ധതിയുടെ പ്രത്യക്ഷ സാക്ഷ്യമാണ് ഈ ആത്മകഥ. ആ അർത്ഥത്തിൽ ഇതിനെ സത്യത്തിൻറെ പ്രകാശനമായി കാണാം. ആ പ്രകാശസാഫല്യമാണ് ആത്മകഥ മുന്നോട്ടു വയ്ക്കുന്ന മൗലികമായ അനുഭവപ്രപഞ്ചം.

ഇവിടെ സ്വന്തം ജീവിതം പറഞ്ഞു പോകുന്നതിനൊപ്പം സാംസ്കാരിക രംഗത്തിന്റെ ഒരു പരിച്ഛേദം കൂടി വിശദമായ ചർച്ചയ്ക്ക് കാരണമാക്കിത്തീർക്കുന്നുണ്ട്. അത് പലരും ശുഭമോ അശുഭമോ ആയി തോന്നാമെങ്കിലും അനുഭവിച്ചത് തുറന്നു പറയുക എന്ന സുമര്യാദ പാലിച്ചുകൊണ്ടാണ് കാരൂർ ഇത്തരം അനുഭവങ്ങളെ അടയാളപ്പെടുത്തുന്നത്. '*ദൈവഭൂതങ്ങൾ*' എന്ന നാടകത്തെ പരാമർശിക്കുന്ന അദ്ധ്യായത്തിൽ തന്നെ ഈ തുറന്നു പറച്ചിൽ ആഴത്തിൽ വേരോടിക്കിടപ്പുണ്ട്. അത് സാമൂഹിക സാംസ്കാരിക മേഖലകളിൽ സൃഷ്ടിച്ച പ്രകമ്പനങ്ങൾക്ക് ഇന്നും കാലികമായ പ്രസക്തി ഉള്ളതുപോലെ തോന്നുന്നു. നാടകത്തിലെ പുരോഹിതനും ഭരണാധികാരിയും യുദ്ധക്കൊതിയനും മന്ത്രവാദിയും വേശ്യകളും ഭൂതങ്ങളുടെ വേഷങ്ങൾ കെട്ടിയാടുന്നു. ഏതു നിമിഷം വേണമെങ്കിലും ഇവർക്ക് ഈശ്വരൻ ദാനമായി നൽകിയ ഈ മനോഹരമായ ഭൂമിയെ ചാരമാക്കിത്തീർക്കാനാകും. ആ തീർപ്പിന്റെ കാലികമായ സാമൂഹിക മനസ്സാണ് കാരൂർ *'ദൈവഭൂതങ്ങളി'*ലൂടെ ഉയർത്തിക്കാട്ടുന്നത്. ഇതൊരു ധൈര്യപ്പെടലാണ്. അവിടെ അഭിപ്രായഭിന്നതയെ, അതിന്റെ നിലവാരത്തിൽ സ്വീകരിച്ചുകൊണ്ട് സാമൂഹ്യജീവിതത്തിന്റെ ഒരു പുതിയ അദ്ധ്യായം തുടങ്ങിവയ്ക്കുന്നു. കാരൂർ എഴുതുന്നു 'മഹർഷിവര്യന്റെ നാമത്തിൽ രക്ഷിക്കപ്പെട്ടവരൊക്കെ മണ്ണിൽ കെട്ടിയിറക്കിയ ആൾ ദൈവങ്ങളെ ഉപേക്ഷിച്ചു. സത്യവും ധർമ്മവും കർമ്മവും അനുഷ്ഠിക്കാൻ തുടങ്ങി. മണ്ണിലെ വിഷസർപ്പങ്ങളിൽ നിന്നും സുഖഭോഗങ്ങളിൽ നിന്നും അവർ അകന്നു. രക്ഷിക്കപ്പെട്ട മനുഷ്യരെല്ലാം സന്യാസിവര്യൻ ധ്യാനിച്ച മരച്ചുവട്ടിൽ നിലാവിലലിയുന്ന പ്രകൃതിയെപ്പോലെ ധ്യാനത്തിൽ മുഴുകി ആത്മാവിൽ ചേർന്നിരിക്കുന്ന കാഴ്ചയോടെയാണ് നാടകം അവസാനിക്കുന്നത്. മരമുകളിൽ നിന്ന് ഏതോ ഒരു കിളിയുടെ മധുരനാദവും അവർക്കൊപ്പമുണ്ടായിരുന്നു. അവധി ദിവസങ്ങളിൽ രാത്രി ഉറങ്ങാതെയാണ് *"ദൈവഭൂതങ്ങൾ"* എന്ന നാടകം പൂർത്തീകരിച്ചത്.'

ആത്മകഥയിലെ അനവധി ഉജ്ജ്വമുഹൂർത്തങ്ങളിലെ ഒന്നു മാത്രമാണ് മേലുദ്ധരിച്ചത്. അക്കാലത്ത് സമാരാംഭിച്ച എഴുത്തിലെ ആർജ്ജിതവ്യക്തിത്വത്തിന്റെ തുടർച്ചകളാണ് പിൽക്കാലത്ത് കാരൂർ എഴുതിയ പ്രമുഖങ്ങളായ പല കൃതികളും. ആ കൃതികളിൽ പലേടങ്ങളിലും കാരൂരിലെ മനുഷ്യൻ വിവിധ സുമുഹൂർത്തങ്ങളിലായി പരകായപ്രവേശം ചെയ്തിട്ടുണ്ട്. അത്തരം പ്രവേശങ്ങളിലെല്ലാം കാരൂർ മുന്നോട്ടു വയ്ക്കുന്ന ജീവിതദർശനം (Vision of Life) അതിന്റെ മൂലസ്രോതസ്സായി വർത്തിക്കുന്ന പുസ്തകമാണ് 'കഥാകാരന്റെ കനൽ വഴികൾ'. ഒറ്റവാക്കിൽ˜പറഞ്ഞാൽ കാരൂരിന്റെ കൃതികളിലേക്കുള്ള ഒരു 'ഗേറ്റ് വേ' ആയി ഈ ആത്മകഥയെ കാണാനാകും.

കാരൂർ സോമൻ : BIODATA

ലോക റെക്കോർഡ് ജേതാവായ (യു.ആർ.എഫ്) കാരൂർ സോമൻ മാവേലിക്കര സ്വദേശിയാണ്. ഒരു ദിവസം ലോകത്താദ്യമായി ഏറ്റവും കൂടുതൽ (34) പുസ്തകങ്ങൾ പ്രകാശനം ചെയ്തതിനുള്ള അംഗീകാരമായിട്ടാണ് ലോക റെക്കോർഡിൽ ഇടംപിടിച്ചത്. ആമസോൺ ഇൻറർനാഷണൽ എഴുത്തുകാരൻ എന്ന ബഹുമതിയടക്കം ഇരുപതോളം പുരസ്കാരങ്ങൾ ലഭിച്ചു. മലയാള മനോരമയുടെ യുവ സാഹിത്യ സഖ്യ അംഗമായിരുന്നു. ഹൈസ്കൂൾ വിദ്യാർത്ഥി ആയിരിക്കെ മലയാള മനോരമയുടെ 'ബാലരമ'യിൽ കവിതകൾ എഴുതി. ആകാശവാണി തിരുവനന്തപുരം, തൃശ്ശൂർ നിലയങ്ങളിൽ ഞാനെഴുതിയ നാടകങ്ങൾ പ്രക്ഷേപണം ചെയ്തു.

ഹൈസ്കൂൾ പഠനകാലം താമരക്കുളം, വള്ളികുന്നം, ചുനക്കര, പാലമേൽ എന്നീ പഞ്ചായത്തുകളിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നൂർനാട് ലെപ്രസ്സി സാനിറ്റോറിയം ഒരു ഉപന്യാസ മത്സരം *'കുഷ്ഠരോഗവും നിവാരണ മാർഗ്ഗങ്ങളും'* എന്ന വിഷയത്തിൽ സംഘടിപ്പിക്കുകയുണ്ടായി. മത്സരത്തിൽ ഒന്നാം സ്ഥാനം സമ്മാനമായി ശ്രീ. ബി. കെ. ബി നായരുടെ *'പ്രസംഗ സോപാനം'* എന്ന ഗ്രന്ഥം ശ്രീ. തോപ്പിൽ ഭാസിയിൽ നിന്ന് ഏറ്റുവാങ്ങി. പിന്നീട് ശ്രീ. തോപ്പിൽ ഭാസി എൻറെ ഗൾഫിൽ നിന്നുള്ള മലയാളത്തിലെ ആദ്യ സംഗീത നാടകം *'കടലിനക്കരെ എംബസി സ്കൂൾ'* എന്ന ഗ്രന്ഥത്തിന് അവതാരിക എഴുതുകയുണ്ടായി. വി.വി.എച്ച് സ്കൂൾ വിദ്യാർത്ഥിയായിരിക്കെ വാർഷിക കലാപരിപാടിയിൽ പോലീസിനെ വിമർശിച്ച് ഞാനെഴുതിയ *'ഇരുളടഞ്ഞ താഴ്വര'* എന്ന നാടകം അവതരിപ്പിച്ച് *'ബെസ്റ്റ് ആക്ടർ'* സമ്മാനം നേടി. ആ നാടകം മാവേലിക്കര പോലീസിനെ പ്രകോപിപ്പിച്ചു. അവർ നക്സൽ ബന്ധം ആരോപിച്ച് കേസെടുത്ത് അറസ്റ്റ് ചെയ്ത് മർദ്ദിച്ചു. പിന്നീട് പണ്ഡിത കവി ശ്രീ. കെ. കെ. പണിക്കർ ഇടപെട്ട് പോലീസിൽ നിന്ന് മോചിപ്പിക്കുകയുണ്ടായി. പോലീസിന്റെ നോട്ടപ്പുള്ളി ആയിരിക്കെ ഒളിച്ചോടി ബീഹാറിൽ റാഞ്ചിയിലുണ്ടായിരുന്ന സഹോദരന്റെയടുക്കലെത്തി. അവിടെ റാഞ്ചി ഏയ്ഞ്ചൽ തിയ്യേറ്ററിന് വേണ്ടി നാടകങ്ങളും ഗാനങ്ങളുമെഴുതി.

പഠനം കേരളം, റാഞ്ചി, ന്യൂ ഡൽഹി എന്നിവടങ്ങളിൽ. ആദ്യ കാലങ്ങളിൽ ഉത്തരേന്ത്യയിലും, ഗൾഫിലും ജോലിചെയ്തു. ആദ്യ ജോലി 'റാഞ്ചി എക്സ്പ്രസ്സ്' ദിനപത്രത്തിൽ. ഇപ്പോൾ ലണ്ടനിൽ താമസം. അറുപത്തിയേഴ് രാജ്യങ്ങൾ സന്ദർശിച്ചു. നാലര പതിറ്റാണ്ടിനിടയിൽ നാടകങ്ങൾ, ഏകാങ്ക നാടകങ്ങൾ, സംഗീത നാടകങ്ങൾ; നോവലുകൾ, ബാലസാഹിത്യങ്ങൾ, ഇംഗ്ലീഷ് നോവലുകൾ; കഥകൾ, ചരിത്ര കഥകൾ; കവിതകൾ, ഗാനങ്ങൾ, ലേഖനങ്ങൾ, യാത്രാ വിവരണങ്ങൾ; ജീവചരിത്രം, ആത്മകഥ, ശാസ്ത്ര, കായിക, ടൂറിസരംഗങ്ങളിൽ അറുപത്തി ആറ് (66) കൃതികൾ പ്രസിദ്ധീകരിച്ചു. 1985 മുതൽ പുറത്തിറങ്ങിയ എല്ലാ പുസ്തകങ്ങളുടേയും നാമം 'ക' എന്ന അക്ഷരത്തിൽ തുടങ്ങുന്നു എന്നത് മലയാള സാഹിത്യരംഗത്തെ തന്നെ ആദ്യവും അത്യപൂർവ്വവുമായ സംഭവമായി കണക്കാക്കുന്നു.

മൂന്ന് കൃതികൾ ഷോർട്ട് ഫിലിം/ ടെലിഫിലിം ആയി. *'ഗ്ലാസ്സിലെ നര', 'ഇവർ നമ്മുടെ ഓമനകൾ'* എന്നിവ പേരെടുത്ത് പറയാവുന്നവയാണ്. ഒരു കഥാസമാഹാരം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. 2022-ൽ *'അബു'* എന്ന കഥ സിനിമയായി. 2005-ൽ ലണ്ടനിൽ നിന്നും മലയാളത്തിലാദ്യമായി '*പ്രവാസി മലയാളം*' മാസിക ആരംഭിച്ചു. 2012-ൽ ലണ്ടനിൽ നിന്നും മാധ്യമം ദിനപത്രത്തിന് വേണ്ടി ലണ്ടൻ ഒളിമ്പിക്സ് റിപ്പോർട്ട് ചെയ്തു. ഷോർട്ട് ഫിലിമിലും, നാടകങ്ങളിലും അഭിനയിച്ചു. വേൾഡ് മലയാളി കൗൺസിൽ മിഡിലീസ്റ്റ് ആഫ്രിക്കയുടെ സാംസ്കാരിക വിഭാഗം ചെയർമാൻ, യൂറോപ്പിലെ ഏറ്റവും വലിയ സംഘടനയായ ബ്രിട്ടനിലെ യുക്മയുടെ കല സാഹിത്യവിഭാഗം കൺവീനർ, ജ്വാല മാഗസീൻ ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പല സ്വദേശ വിദേശ മാധ്യമങ്ങളുടേയും പ്രതിനിധിയായി പ്രവർത്തിച്ചുവരുന്നു. ലിമ വേൾഡ് ലൈബ്രറി സാഹിത്യ ഓൺലൈൻ, കാരൂർ പബ്ലിക്കേഷൻസ്, ആമസോൺ വഴി വിതരണം ചെയ്യുന്ന കെ.പി.ഇ പേപ്പർ പബ്ലിക്കേഷൻസ് എന്നിവയുടെ ചീഫ് എഡിറ്ററാണ്. നാടകങ്ങളിലും സിനിമയിലും അഭിനയിച്ചു.

മാതാപിതാക്കൾ: കാരൂർ ശാമുവേൽ, റൈയ്ചൽ ശാമുവേൽ
ഭാര്യ: ഓമന തീയാട്ട് കുന്നേൽ
മക്കൾ: രാജീവ്, സിമ്മി, സിബിൻ
Net Address : www.karoorsoman.net
Email ID : karoorsoman.yahoo.com
WhatsApp : 0044 794057067

കൃതികൾ

നോവൽ : കണ്ണീർപൂക്കൾ, കദനമഴ നനഞ്ഞപ്പോൾ, കനൽ, കാരൂർ കൊച്ചുകുഞ്ഞ്, കിനാവുകളുടെ തീരം, കാണാപ്പുറങ്ങൾ, കഥാനായകൻ, കാൽപ്പാടുകൾ (യൂറോപ്പിൽ നിന്നുള്ള ആദ്യ മലയാള നോവൽ), കൗമാരസന്ധ്യകൾ, കാവൽമാലാഖ, കാവൽക്കാരുടെ സങ്കീർത്തനങ്ങൾ, കാലാന്തരങ്ങൾ, കാലയവനിക, കന്മദപൂക്കൾ, കാര്യസ്ഥൻ (ക്രൈം നോവൽ), കന്യാദലങ്ങൾ (നോവലെറ്റ്), കൽവിളക്ക്, കന്യാസ്ത്രീ കാർമേൽ, കിളിക്കൊഞ്ചൽ (ബാലനോവൽ), കാറ്റാടിപ്പൂക്കൾ (ബാലനോവൽ), കൃഷി മന്ത്രി (ബാലനോവൽ).

നാടകം: കടൽക്കര (സംഗീത നാടകം 1985), കടലിനക്കരെ എംബസ്സി സ്കൂൾ (സംഗീത നാടകം, ഗൾഫിൽ നിന്നുള്ള ആദ്യ മലയാളസംഗീതനാടകം), കാലപ്രളയം, കടലോളങ്ങൾ

കഥകൾ: കാട്ടുകോഴികൾ, കാലത്തിൻറെ കണ്ണാടി, കരിന്തിരി വിളക്ക്, കാട്ടുമനുഷ്യർ.
കവിത : കറുത്ത പക്ഷികൾ, കടലാസ്, കളിമണ്ണ്, കണ്ണാടി മാളിക

ലേഖനങ്ങൾ: കഥകളുറങ്ങുന്ന പുണ്യഭൂമി (ഗൾഫ്), കാലത്തിൻറെ ചിറകുകൾ (സൗദിയുടെ മണ്ണിൽ), കാലമുദ്രകൾ, കാലം കവിഞ്ഞൊഴുകുന്നു, കാലഘടികാരം, കാലചക്രം, കണ്ണുണ്ടായാൽ പോരാ കാണണം, കാലം പിഴയ്ക്കുമ്പോൾ, കാലത്തിനൊത്ത കോലങ്ങൾ.

ചരിത്രം/ ജീവചരിത്രം: കാമനയുടെ സ്ത്രീപർവ്വം, കഥാകാരന്റെ കനൽ വഴികൾ (ആത്മകഥ), കാരിരുമ്പിന്റെ കരുത്ത് (സർദാർ വല്ലഭായ് പട്ടേൽ), കാലചക്രം (ബ്രിട്ടൺ).

യാത്രാവിവരണം: കനക നക്ഷത്രങ്ങളുടെ നാട്ടിൽ (ഓസ്ട്രിയ), കാലം മായ്ക്കാത്ത പൈതൃക കാഴ്ചകൾ (ഇംഗ്ലണ്ട്), കടലിനക്കരെ ഇക്കരെ (യൂറോപ്പ്), കാഴ്ചകൾക്കപ്പുറം (ഇറ്റലി), കുഞ്ഞിളം ദ്വീപുകൾ (ഫിൻലൻഡ്), കണ്ണിന് കുളിരായി (ഫ്രാൻസ്), കന്യാസ്ത്രീ കാക്കകളുടെ നാട് (ആഫ്രിക്ക), കാറ്റിൽ പറക്കുന്ന പന്തുകൾ (സ്പെയിൻ), കാർപാത്തിയൻ പർവ്വതനിരകൾ.

ശാസ്ത്രം/കായികം/ടൂറിസം: കാണാക്കയങ്ങൾ (ചന്ദ്രയാൻ), കാണാമറയത്തെ കൗതുകകാഴ്ചകൾ (മംഗൾയാൻ), കളിക്കളം (ഒളിമ്പിക്സ് ചരിത്രം), കായിക സ്വപ്നങ്ങളുടെ ലണ്ടൻ ഡയറി (മാധ്യമം ദിനപത്രത്തിന് വേണ്ടി 2012 -ൽ എഴുതിയ ലണ്ടൻ ലേഖനങ്ങൾ), കേരളം (ട്രാവൽ & ടൂറിസം), കാലം മാറുന്നു, കണ്ടെത്തലുകൾ.

പുരസ്കാരങ്ങൾ: ലോകത്താദ്യമായി ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രകാശനം ചെയ്തതിനുള്ള ലോക റിക്കോർഡ് ജേതാവ് (ഡബ്ല്യു.ആർ.എഫ്), ആമസോൺ ഇൻറർനാഷണൽ പുരസ്കാരം, പി. കുഞ്ഞിരാമൻ നായർ ഫൗണ്ടേഷൻ പുരസ്കാരം, ഭാരതീയ ദളിത് സാഹിത്യഅക്കാദമി പുരസ്കാരം, പാറപ്പുറം പ്രവാസി സാഹിത്യപുര്സക്കാരം, കള്ളിക്കാട് രാമചന്ദ്രൻ സ്മാരകപുരസ്കാരം, ഗാന്ധിഭവൻ സാഹിത്യപുരസ്കാരം, സാഹിത്യ പോഷിണി സാഹിത്യപുരസ്കാരം, വിക്ടർ ലൂയിസ് സ്മാരക സാഹിത്യപുരസ്കാരം, ലുധിയാന മലയാളി അസോസിയേഷൻ നാടക പുരസ്കാരം, വേൾഡ് മലയാളി കൗൺസിൽ സാഹിത്യ പുരസ്കാരം, ലിപി ഫൗണ്ടേഷൻ പുരസ്കാരം, അമേരിക്കൻ ഈ മലയാളി സാഹിത്യ മാധ്യമപുരസ്കാരം, ലണ്ടൻ മലയാളി കൗൺസിൽ സമഗ്രസാഹിത്യ പുരസ്കാരങ്ങളടക്കം ഇരുപതോളം ബഹുമതികൾ ലഭിച്ചു.

(അവസാനിക്കുന്നു)



കാലത്തിന്റെ എഴുത്തകങ്ങൾ- ഭാഗം 1

ആമുഖം മലയാളത്തിലെ ഏറെ ശ്രദ്ധേയനായ എഴുത്തുകാരനാണ് ശ്രീ. കാരൂർസോമൻ. കാലം കടഞ്ഞെടുത്ത സർഗാത്മകവ്യക്തിത്വത്തിന്റെ … Continue reading

www.malayaleepathram.com.au